"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-തൃശ്ശൂർ മുൻസിപ്പൽ കോർപ്പറേഷനിൽ നിന്നും ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ വിരമിച്ച ശ്രീ.ടി.ഡി.ഫ്രാൻസിസിന് കണ്ടിജന്റ് വർക്കർ തസ്തികയിൽ നിന്ന് മെയിൽ അറ്റൻഡന്റ് വിഭാഗത്തിലേയ്ക്ക് തസ്തികമാറ്റം അനുവദിച്ച നടപടി സാധൂകരിച്ച് സർവ്വീസ് റഗുലറൈസ് ചെയ്ത് പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിന് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1170/2023/LSGD തീയതി,തിരുവനന്തപുരം, 05-06-2023

---

പരാമർശം:-

1. 06-01-1992 ലെ സ.ഉ.(എം.എസ്) നം. 7/92/തസ്വഭവ
2. 23-09-1992 ലെ സ.ഉ.(സാധാ) നം. .5219/92/തസ്വഭവ.
3. ശ്രീ.ടി.ഡി.ഫ്രാൻസിസ് സമർപ്പിച്ച 10-4-2021,8-11-2021 തീയതികളിലെ അപേക്ഷ
4. തൃശ്ശൂർ നഗരസഭാ സെക്രട്ടറിയുടെ 25-4-2022 തീയതിയിലെ ജി5/22992/19 നമ്പർ കത്ത്.
5. നഗരകാര്യഡയറക്ടറുടെ 23-9-2022ലെ DUA/6250/2022-E9 നമ്പർ കത്ത്.

**ഉത്തരവ്**

പെൻഷനും മറ്റ് ആനുകൂല്യങ്ങളും അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തൃശ്ശൂർ മുൻസിപ്പൽ കോർപ്പറേഷനിൽ നിന്നും ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ 31-03-2019 ൽ വിരമിച്ച ശ്രീ.ടി.ഡി.ഫ്രാൻസിസ് പരാമർശം(3) പ്രകാരം അപേക്ഷിച്ചിരുന്നു.

2. തൃശ്ശൂർ മുനിസിപ്പാലിറ്റിയിൽ കണ്ടിജന്റ് വർക്കറായി ജോലി ചെയ്തിരുന്ന തെക്കുംപുറം പൗലോസ് ദേവസ്സി 26.12.1982 ൽ സേവനത്തിലിരിക്കെ മരണപ്പെട്ടതിനെ തുടർന്ന് ടിയാന്റെ നിയമപരമായ അർഹതയുള്ള അവകാശിയായ ശ്രീ ടി.ഡി.ഫ്രാൻസിസിന് പരാമർശം(1) പ്രകാരം തൃശ്ശൂർ മുനിസിപ്പാലിറ്റിയിലോ മറ്റേതെങ്കിലും മുനിസിപ്പാലിറ്റിയിലോ കണ്ടിജന്റ് വർക്കറായി നിയമനം നൽകാൻ ഉത്തരവായിരുന്നു. ടിയാന് നിയമനം നൽകുന്നതിന് തൃശ്ശൂർ നഗരസഭയിൽ കണ്ടിജന്റ് തസ്തികയിൽ ഒഴിവ് ഇല്ലെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതിന്റെ തുടർച്ചയായി ടിയാന് പരാമർശം (2) ഉത്തരവ് പ്രകാരം തൃശ്ശൂർ നഗരസഭ അഗതി മന്ദിരത്തിൽ സാനിട്ടേഷൻ വർക്കറായി നിയമനം നൽകിയിരുന്നു.

3. സാനിട്ടേഷൻ വർക്കർ തസ്തികയിൽ നിയമനം ലഭിച്ച വ്യക്തിയ്ക്ക് റഗുലർ തസ്തികയായ മെയിൽ അറ്റൻഡന്റ് വിഭാഗത്തിലേയ്ക്ക് തസ്തികമാറ്റം അനുവദിക്കാൻ നിലവിൽ നിയമം ഇല്ല. 8-4-1999ൽ തൃശ്ശൂർ നഗരസഭ സെക്രട്ടറിയുടെ ഉത്തരവ് പ്രകാരം ടിയാനെ മെയിൽ അറ്റൻഡർ തസ്തികയിൽ തസ്തികമാറ്റം അനുവദിച്ച് നൽകി. പ്രസ്തുത തസ്തിക മാറ്റം

നിയമപ്രകാരമല്ല. കണ്ടിജന്റ് വർക്കർ തസ്തികയിൽ നിന്നും റഗുലർ വിഭാഗത്തിലെ മെയിൽ അറ്റൻഡർ തസ്തികയിലേയ്ക്ക് തസ്തികമാറ്റം നൽകാൻ സാധിക്കുകയില്ല. എന്നാൽ ശ്രീ ടി.ഡി.ഫ്രാൻസിസിന് കണ്ടിജന്റ് തസ്തികയിൽ നിയമനം നൽകിയിരുന്നുവെങ്കിലും ടിയാൻ മെയിൽ അറ്റൻഡന്റ് തസ്തികയിൽ വിരമിച്ചതിനാൽ ടിയാന്റെ നിയമനം ക്രമപ്പെടുത്തി പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്ന വിഷയത്തിൽ സ്പഷ്ടീകരണം നൽകണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ്(അർബൻ) ഡയറക്ടർ പരാമർശം(5) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

4.സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (2) ഉത്തരവ് പ്രകാരം ആശ്രിത നിയമന വ്യവസ്ഥയിൽ തൃശ്ശൂർ നഗരസഭ അഗതി മന്ദിരത്തിൽ സാനിട്ടേഷൻ വർക്കറായി നിയമനം ലഭിച്ച ശ്രീ.ടി.ഡി.ഫ്രാൻസിസിന് 1999-ൽ റഗുലർ വിഭാഗത്തിലെ മെയിൽ അറ്റൻഡന്റ് തസ്തികയിൽ തസ്തിക മാറ്റ നിയമനം നൽകി നിയമിച്ചത് ക്രമ പ്രകാരമല്ല. ചട്ടപ്രകാരമല്ലാതെ തസ്തിക മാറ്റം നൽകിയ ഉദ്യോഗസ്ഥരുടെ നടപടി ക്രമപ്രകാരമല്ല. 1999-ൽ മെയിൽ അറ്റൻഡന്റ് തസ്തികയിൽ പ്രവേശിച്ച് 20 വർഷത്തെ സേവനത്തിന് ശേഷം 31/03/2019-ൽ ഓഫീസ് അറ്റൻഡന്റായി റിട്ടയർ ചെയ്തതിന് ശേഷം തന്റേതല്ലാത്ത കാരണത്താൽ ടിയാന് 23 വർഷങ്ങൾക്ക് മുമ്പ് നൽകിയത് തെറ്റായ തസ്തിക മാറ്റ നിയമനമാണെന്ന കാരണത്താൽ ഒരു താഴ്ന്ന വിഭാഗം ജീവനക്കാരന്റെ തുച്ഛമായ പെൻഷൻ നിഷേധിക്കുന്നത് സ്വാഭാവിക നീതിയ്ക്ക് എതിരാണ്. ആയതിനാൽ ഈ വിഷയം ഒരു പ്രത്യേക കേസായി പരിഗണിച്ച്, ശ്രീ.ടി.ഡി.ഫ്രാൻസിസിന് മെയിൽ അറ്റൻഡന്റ് വിഭാഗത്തിലേയ്ക്ക് തസ്തികമാറ്റം അനുവദിച്ച നടപടി സാധൂകരിച്ച് ടിയാന്റെ സർവ്വീസ് റഗുലറൈസ് ചെയ്ത് പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിന് നഗരകാര്യഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

പകർപ്പ്
പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ
ശ്രീ.ടി.ഡി.ഫ്രാൻസീസ്,തെക്കുംപുറം ഹൗസ്,തിരുവോണം കോർണർ,പുത്തുക്കര,പി.ഒ
അയ്യന്തോൾ,തൃശ്ശൂർ-680003
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 06-06-2023 10:26:44
സെക്ഷൻ ഓഫീസർ